'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയം ഭരണ വകുപ്പ് - തൂണേരി ഗ്രാമപഞ്ചായത്ത് - ഭൂമിയുള്ള അർഹരായ ഭവന രഹിതർ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലായെങ്കിൽ ലിസ്റ്റിലെ ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ.(സാധാ) നം.75/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/01/2019

---

പരാമർശം:- 1 കോഴിക്കോട് ജില്ലാ കളക്ടറുടെ 21.08.2018-ലെ 58704/18/DPC/KKD/CC നമ്പർ കത്ത്

2 തൂണേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2018-ലെ A2-5187/17-ാം നമ്പർ കത്ത്.

3 05.09.2018 തീയതിയിലെ സംസ്ഥാനതല വികേന്ദ്രീകൃതാ ആസൂത്രണ കോർഡിനേഷൻ സമിതി തീരുമാനം 4.21

4 27.09.2018 തീയതിയിലെ സംസ്ഥാനതല വികേന്ദ്രീകൃതാ ആസൂത്രണ കോർഡിനേഷൻ സമിതി തീരുമാനം 2.2

5 14.11.2018 തീയതിയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷന്റെ LF2/511/2018 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആർക്കും തന്നെ ലൈഫ് മാനദണ്ഡപ്രകാരം വീട് ലഭിക്കുവാൻ അർഹതയില്ല എന്നും ആയതിനാൽ ടി ഗുണഭോക്താക്കളിൽ 2018-19 വാർഷിക പദ്ധതിയിൽ ലൈഫ് ഭവന പദ്ധതിക്കായി ഉൾപ്പെടുത്തിയിട്ടുള്ള 4 ലക്ഷം രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് ഏറ്റവും അർഹൻ എന്ന് കണ്ടെത്തുന്ന പട്ടികജാതി ഗുണഭോക്താവിന് വീട് നൽകൽ പദ്ധതി എന്ന പേരിൽ പുതിയ പ്രോജക്ട് മുഖേന വികസനഫണ്ട് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന തൂണേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം(2)ലെ അപേക്ഷ പരാമർശം(1)പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ കോർഡിനേഷൻ സമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു.

2. ഇക്കാര്യം 05/09/2018, 27.09.2018 എന്നീ തീയതികളിലെ സംസ്ഥാനതല വികേന്ദ്രീകൃതാ ആസൂത്രണ കോർഡിനേഷൻ സമിതി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം(4)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൂണേരി ഗ്രാമപഞ്ചായത്തിൽ ഭൂമിയുള്ള അർഹരായ ഭവനരഹിതർ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലായെങ്കിൽ ലിസ്റ്റിലെ ഭൂരഹിതർക്ക് ഭൂമിവാങ്ങി നൽകുന്നതിന് തൂണേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്
ജില്ലാ കളക്ടർ, കോഴിക്കോട്,

സെക്രട്ടറി, തൂണേരി ഗ്രാമപഞ്ചായത്ത്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHIJU P PAUL
Date: 20 .17
17:25:34
സെക്ഷൻ ഓഫീസർ
Reason: Approved